ഉത്തരം

(എ) ഉണ്ട്. പഠനത്തോടൊപ്പം ജോലി സാധ്യതയുള്ള രംഗങ്ങളിലും പ്രാവീണ്യം നേടുന്നതിന് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് "അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)" എന്ന പദ്ധതിയും, വിദ്യാർത്ഥികൾക്കിടയിൽ വ്യവസായ സംരംഭകത്വം വളർത്തിയെടുക്കുന്നതിനായി സ്റ്റുഡന്റ് എൻട്രപ്രെണർ ഷിപ്പ് സ്കീം (SES) എന്ന പദ്ധതിയും, വ്യവസായ പങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) അനുബന്ധമായി ചേർക്കുന്നു*.

## ഓൾ ഇന്ത്യാ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ

**2 (2823)** ശ്രീ. ബാബു എം. പാലിശ്ശേരി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ ഓൾ ഇന്ത്യാ സർവ്വേ ഓൺ ഹയർ എഡ്യുക്കേഷനിൽ സംസ്ഥാനം പങ്കെടുക്കുന്നുണ്ടോ ;

(ബി) ഇതനുസരിച്ച് ഏതെല്ലാം മേഖലകളെക്കുറിച്ചുള്ള സർവ്വേ ആണ് നടത്തുന്നത് ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് ഈ സർവ്വേ എത്രമാത്രം പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജ്യത്തുള്ള സർവ്വകലാശാലകൾ, കോളേജുകൾ, സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദമായ സ്ഥിതിവിവര കണക്ക് ശേഖരിക്കുക എന്നതാണ് സർവ്വേയുടെ ഉദ്ദേശം. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഭാവി വിദ്യാഭ്യാസ നയം രൂപീകരിക്കുന്നതിനായി രാജ്യത്തെ വിദ്യാഭ്യാസ മണ്ഡലത്തെ പറ്റിയുള്ള കൃത്യവും പൂർണ്ണവുമായ വിവരം ശേഖരിക്കാനും സർവ്വേ സഹായകമാവും. കൂടാതെ ഇന്നത്തെ വിദ്യാഭ്യാസ നിലവാരം സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ വിദ്യാഭ്യാസ രംഗത്തെ പുരോഗതി എന്നിവ സംബന്ധിച്ച് പൊതുഅവബോധം സൃഷ്ടിക്കാനും സർവ്വേ ഉപയോഗപ്രദമാവും.

(സി) പുരോഗമിച്ചുവരുന്നു.

## സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

**3 (2824)** ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകർക്ക് സേവന-വേതന വ്യവസ്ഥകൾ ബാധകമാക്കിക്കൊണ്ടുള്ള എന്തെങ്കിലും ഉത്തരവുണ്ടോ ; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly